ഉത്തരം

(എ) 1163 കേസ്സുകൾ.

(ബി&സി) ഒരു കേസ്. പാലക്കാട് ജില്ലാ ഹേമാംബികാനഗർ പോലീസ് സ്റ്റേഷനിൽ സെക്ഷൻ 143, 147, 188, 283 149 IPC പ്രകാരം 290/11-ാം ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളായ ടി. കെ. അച്യുതൻ, വി. കെ. ശ്രീകണ്ഠൻ, എം. കെ രാമചന്ദ്രൻ ഉൾപ്പെടാതെ മറ്റു കണ്ടാലറിയാവുന്ന 400 പേരെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

റോഡപകടം - സൗജന്യ ഇൻഷ്വറൻസ് പദ്ധതി

198 (2068) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് സൗജന്യ ചികിൽസ നൽകുന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ആനുകൂല്യത്തിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) ഈ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ-സി) ആഭ്യന്തര വകുപ്പിന് കീഴിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയിട്ടില്ല.

നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതി

199 (T 2069)* ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിഷൻ 676-ൽ ഉൾപ്പെടുത്തി നിർഭയ കേരളം സുരക്ഷിത കേരളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന പോലീസിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം

200 (2070) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം എന്നാണു നിലവിൽ വന്നതെന്നു വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഈ വിഭാഗത്തിൽ എല്ലാ ജില്ലകളിലും സാങ്കേതികയോഗ്യതയുള്ള ഉദ്യോഗസ്ഥർ ആവശ്യത്തിനുണ്ടോ ; ഇല്ലെങ്കിൽ, ജില്ലകളിൽ പ്രസ്തുത തസ്തിക അനുവദിക്കുവാനോ, നിലവിൽ സാങ്കേതികയോഗ്യതയുള്ള കോൺസ്റ്റാബുലറി വിഭാഗത്തിൽ വർക്ക് ചെയ്യുന്ന ഉദ്യോഗസ്ഥരെ നിയമിക്കുവാനോ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1-6-1962-ലെ സ.ഉ.(സാധാ) നമ്പർ 882/ആഭ്യന്തരം പ്രകാരം കേരള പോലീസിന്റെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം പ്രവർത്തനമാരംഭിച്ചു

(ബി) ഇല്ല. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly